കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃത്താല ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല — 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1, 2008-09 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 3.3, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(13) - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 92/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:11/01/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-13465/15 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16/10/2015-ലെ എൽ.എഫ്.7578/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2007-08 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തെരുവ് വിളക്ക് കറണ്ട് ചാർജ്ജ് കുടിശ്ശിക അടച്ചപ്പോൾ ഒടുക്കിയ പിഴ 67,747/-രൂപ, 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തെരുവ് വിളക്ക് കറണ്ട് ചാർജ്ജ് ഒടുക്കിയപ്പോൾ ഒടുക്കിയ തുക പിഴ 3,117/-രൂപ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(13) പ്രകാരം കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജിനത്തിൽ സർചാർജ്ജായി ഒടുക്കിയ 41,796/-രൂപ എന്നിവ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനങ്ങളുടെ പകർപ്പും, ആഡിറ്റ് പരാമർശങ്ങളുടെ പകർപ്പും, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം 67,747/- രൂപയും 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം 3,117/-രൂപയും പിഴപ്പലിശയായി ഒടുക്കേണ്ടി വന്നത് പ്രസ്തുത പരാമർശത്തിന് വിധേയമായ കാലയളവിലെ വൈദ്യുത ചാർജ്ജ് വർദ്ധിപ്പിച്ച വിവരം കെ.എസ്.ഇ.ബിയിൽ നിന്നും അറിയിക്കാത്തതിനാലാണെന്ന് 19/11/2014-ലെ സാധാരണ യോഗത്തിലെ തീരുമാനത്തിൽ വിശദീകരിച്ചിട്ടുണ്ടെന്നും 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(13)-ൽ കുടിവെള്ള പദ്ധതി ചാർജ്ജിനത്തിൽ സർചാർജ്ജായി ഒടുക്കിയ 41,796/-രൂപ എസ്.സി കുടിവെള്ള പദ്ധതി പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് കെ.സ്.ഇ.ബിയിൽ നിന്നും അനവാദം വാങ്ങിയാണ് വൈദ്യുതി ചാർജ്ജ് ഒടുക്കിയതെന്ന് പഞ്ചായത്തിന്റെ സാധാരണ മീറ്റിംഗിൽ വിശദീകരിച്ചിട്ടുണ്ടെന്നും ആയതിന് പഞ്ചായത്ത്ഡയറക്ടറും ജില്ലാതല മോണിറ്ററിംഗ് സമിതിയും അനുകൂല ശുപാർശ ചെയ്തിട്ടുള്ളതിനാലും പ്രസ്തുത ചെലവിനു സാധൂകരണം

നൽകേണ്ട വിഷയത്തിലും തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2007-08 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം ചിലവഴിച്ച 67,747/- (അറുപത്തിയേഴായിരത്തി എഴുനൂറ്റി നാൽപത്തിയേഴ് രൂപ മാത്രം) രൂപ, 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം ചിലവഴിച്ച തുക 3,117/-(മൂവായിരത്തി ഒരുനൂറ്റി പതിനേഴ് രൂപ മാത്രം) രൂപ, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(13) പ്രകാരം ചിലവഴിച്ച 41,796/-(നാല്പത്തിയൊന്നായിരത്തി എഴുനൂറ്റി തൊണ്ണൂറ്റിയാറ് രൂപ മാത്രം) രൂപ എന്നീ ചെലവുകൾക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ .പഴനിയമ്മ

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയക്ടർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തൃത്താല ഗ്രാമപഞ്ചായത്ത്, പാലക്കാട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ